LIBRARY ARCHIVES Kerala Legislative Assembly

ശമ്പള പരിഷ്കരണം

144 (T 489) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ശമ്പള പരിഷ്കരണ പ്രാബല്യ തീയതി എന്നുമുതലാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; അഞ്ചുവർഷ തത്വംപാലിച്ച് കൊണ്ട് ശമ്പള പരിഷ്കരണത്തിന് പ്രാബല്യം നൽകാൻ തീരുമാനമെടുത്തിട്ടുണ്ടോ ;

(സി) ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിൽ കാലതാമസം വന്നിരിക്കുന്ന സാഹചര്യത്തിൽ ഇടക്കാലാശ്വാസം വേണമെന്ന ജീവനക്കാരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇടക്കാലാശ്വാസം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പത്താം ശമ്പളപരിഷ്കരണ കമ്മീഷന്റെ പ്രവർത്തനം അതിന്റെ അന്തിമഘട്ടത്തിലാണ്.

(ബി) ശമ്പള പരിഷ്കരണ കമ്മീഷന്റെ ശിപാർശ ലഭിച്ചതിനുശേഷം മാത്രമേ ശമ്പളപരിഷ്കരണം എന്നുമുതൽ നൽകണമെന്നുള്ള വിഷയത്തിൽ തീരുമാനം എടുക്കുകയുള്ളൂ. അഞ്ചുവർഷ തത്വം പാലിച്ച് ശമ്പളപരിഷ്കരണത്തിന് പ്രാബല്യം നൽകുന്നതിനെ സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കാനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നതിനാൽ ജീവനക്കാർക്ക് ഇടക്കാലാശ്വാസം പ്രഖ്യാപിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

വിവിധ വകുപ്പുകളിലെ അസിസ്റ്റന്റുമാരുടെ തസ്തികകൾ

145 (490) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ധനകാര്യവകുപ്പ്, കേരള പി.എസ്.സി., പൊതുഭരണ വകുപ്പ്, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് എന്നിവയിലോരോന്നിലെയും അസിസ്റ്റന്റുമാരുടെ എണ്ണം, സാംങ്ഷൻഡ് സ്ട്രെങ്ത്, പ്രൊമോഷൻ തസ്തികകൾ എന്നിവ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

വിശദാംശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്